## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1087** — **08/02/2013 ൽ മറുപടിക്ക്**

## സ്മാർട്ട് സ്കൂൾ പദ്ധതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ: | | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് സ്മാർട്ട് സ്കൂൾ പദ്ധതി ആരംഭിച്ചത്; | എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് അഞ്ച് സ്കൂളുകളിലാണ് സ്മാർട്ട് സ്കൂൾ പദ്ധതി ആരംഭിച്ചത്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | ബി) | കേന്ദ്ര ഗവൺമെന്റിന്റെ പ്രോജക്ട് മാനേജ്മെന്റ് ആന്റ് ഇവാലുവേഷൻ ഗ്രൂപ്പ് ശുപാർശ ചെയ്ത സംസ്ഥാനത്തെ അഞ്ച് സ്കൂളുകളെ മറ്റു സ്കൂളുകൾക്ക് മാതൃകയാക്കി മാറ്റത്തക്ക വിധമുള്ള നടപടി സ്വീകരിച്ച് അവിടെ അതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. |
| സി) | പദ്ധതിയുടെ പൂർത്തീകരണത്തിനായി 1.25 കോടി രൂപ അഞ്ചു വർഷങ്ങളിലായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ആദ്യഗഡുവായി 25 ലക്ഷം രൂപ ഓരോ സ്കൂളിനും കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം 25 ലക്ഷം രൂപ നൽകിയതെന്നാണ്; | ഡി) & ഇ) | ആദ്യഗഡുവായ 25 ലക്ഷം രൂപ 19/3/2012 ൽ നൽകി. ഈ തുക ഒരോ സ്കൂളിനും കൈമാറുകയല്ല, ഐ.ടി. അറ്റ് സ്കൂൾ മുഖേന 5 സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കുകയാണ് ചെയ്തത്. 2012-13 വർഷത്തെ രണ്ടാമത്തെ ഗഡു നൽകിയിട്ടില്ല. |
| ഇ) | 2011-12 വർഷത്തെയും 2012-13 വർഷത്തെയും ഗഡുക്കൾ കൈമാറിയിട്ടുണ്ടോ; | | |
| എഫ്) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്കൂളിനു വേണ്ട ഭൗതികസൗകര്യം എർപ്പെടുത്തി നൽകിയിട്ടും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി ഫണ്ട് അനുവദിക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ; | എഫ്) | ബാധകമല്ല. |
| ജി) | പ്രസ്തുത പദ്ധതി എപ്രകാരം മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | ജി) | ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത പദ്ധതി മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ